# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.Tvm/GP4/1462/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 10/11/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.Tvm/GP4/1462/2021 തീയ്യതി: 10/11/2021

## തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 18-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 24-08-2021 | 08-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-08-2021 | 08-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മേരി ആൻഡ്രൂസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീദേവി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സീന. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി കല. പി, ഓഡിറ്റർ
ശ്രീ. രഞ്ജിത്ത്. സി, ഓഡിറ്റർ
ശ്രീമതി ബിനുചന്ദ്രൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എസ്.രാധാകൃഷ്ണൻ നായർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| | | | |

| | | | |
|---|---|---|---|
| ശ്രീ.നന്ദകുമാർ.സി | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയത (വരെ |
|---|---|---|---|
| ശ്രീമതി.ശ്രീജ.എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ഇന്ദു.ജി.നായർ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.എസ്.ബിന്ദു | വി.ഇ.ഒ 1 | 01-04-2019 | 31-03-2020 |
| ശ്രീ.രാജേഷ്.ആർ | വി.ഇ.ഒ 2 | 01-04-2019 | 04-03-2020 |
| ശ്രീമതി.ഷബാന.വി.പി | വി.ഇ.ഒ 2 | 05-03-2020 | 31-03-2020 |
| ഡോ.രജനി.ആർ.വി | മെഡിക്കൽ ഓഫീസർ(ആയുർവേദം)) | 01-04-2019 | 19-08-2019 |
| ഡോ.ലിയോ റാണി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 20-08-2019 | 31-03-2020 |
| ഡോ.രശ്മി.ആർ.എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 04-06-2019 |
| ഡോ.രമ്യ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 05-06-2019 | 31-03-2020 |
| ശ്രീമതി.ഹെബ്സിബ.ആർ.എസ് | എച്ച്.എം | 01-04-2019 | 31-03-2020 |
| ശ്രീ.ബി.ശിവകുമാർ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.ബി.എസ്.അനിൽകുമാർ | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി നിഷ. ജെ.എസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സുനിത വാടയാർ | ഡി.എഫ്.ഐ | 01-04-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Zeena K (Senior Grade Auditor, On 03-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Zeena K (Senior Grade Auditor, On 03-09-2021)<br>Last Updated By: K Sreeja (Deputy Director, On 10-11-2021) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 03-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-10-2021) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Zeena K (Senior Grade Auditor, On 03-09-2021)<br>Last Updated By: K Sreeja (Deputy Director, On 10-11-2021) | 1-4 |
| 5 | പണം നീക്കിയിരിപ്പിന്റെ വിവരം<br>Written By: Renjith C (Auditor, On 03-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-10-2021) | 1-5 |
| 6 | തൊഴിൽ നികുതി രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കുന്നില്ല<br>Written By: Renjith C (Auditor, On 03-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-10-2021) | 1-6 |
| 7 | പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി<br>Written By: Mary Andrews (Audit Officer, On 26-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-10-2021) | 1-7 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Renjith C (Auditor, On 03-09-2021)<br>Last Updated By: K Sreeja (Deputy Director, On 10-11-2021) | 1-8 |
| 9 | ഡയറി ഫാം ഇൻസ്ട്രക്ടർ കൃഷ് ബുക്ക് കാലികമാക്കിയിട്ടില്ല.<br>Written By: Renjith C (Auditor, On 10-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-11-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Mary Andrews (Audit Officer, On 03-09-2021)<br>Last Updated By: K Sreeja (Deputy Director, On 10-11-2021) | 1-10 |
| 11 | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Renjith C (Auditor, On 03-09-2021)<br>Last Updated By: K Sreeja (Deputy Director, On 10-11-2021) | 1-11 |
| 12 | പൊതു ടാപ്പുകളുടെ വെള്ളക്കരം യഥാസമയം ഒടുക്കിയിട്ടുള്ളത് കുടിശ്ശികയായി ബില്ലിൽ ഉൾപ്പെടുന്നു<br>Written By: Sreedevi S (Senior Grade Auditor, On 08-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-10-2021) | 1-12 |
| 13 | അവധികാല ക്യാമ്പ്- ചെലവ് തുക തിരികെ ലഭിച്ചില്ല -10825-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Mary Andrews (Audit Officer, On 20-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-10-2021) | 1-13 |
| 14 | ഗ്രാന്റ് തുക -തിരികെ ഒടുക്കാൻ അവശേഷിക്കുന്നു<br>Written By: Mary Andrews (Audit Officer, On 20-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-10-2021) | 1-14 |
| 15 | ധനവിനിയോഗ സാക്ഷ്യപത്രം പ്രകാരം അടങ്കൽ തുകയേക്കാൾ കൂടുതൽ ചെലവഴിച്ചിരിക്കുന്നു<br>Written By: Sreedevi S (Senior Grade Auditor, On 25-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-10-2021) | 1-15 |
| 16 | ലൈഫ് ഭവന പദ്ധതി - അപാകങ്ങൾ<br>Written By: KALA P. (Auditor, On 13-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-11-2021) | 1-16 |
| 17 | പൊതു വിഭാഗം, പട്ടികജാതി - വിഭാഗങ്ങളിലും വെവ്വേറെ ലിസ്റ്റോ ചെലവുരേഖയോ ഹാജരാക്കിയിട്ടില്ല.<br>Written By: KALA P. (Auditor, On 13-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-11-2021) | 1-16-2 |
| 18 | ലൈഫ് ഭവന പദ്ധതി - ചെലവ് രേഖ ഹാജരാക്കിയില്ല 22073665/- രൂപ തടസ്സപ്പെടുത്തുന്നു. | 1-16-3 |

| | | |
|---|---|---|
| | Written By: KALA P. (Auditor, On 13-09-2021)<br>Last Updated By: K Sreeja (Deputy Director, On 10-11-2021) | |
| 19 | ഭവനനിർമ്മാണം - മോണിറ്ററിംഗ് ഫലപ്രദമല്ല<br>Written By: KALA P. (Auditor, On 13-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-10-2021) | 1-16-4 |
| 20 | സ്റ്റോക്ക് രജിസ്റ്റർ രേഖപ്പെടുത്തലുകളിൽ അപാകത<br>Written By: Zeena K (Senior Grade Auditor, On 04-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-10-2021) | 1-17 |
| 21 | സെലക്ഷൻ നോട്ടീസ് തീയതി,പ്രവൃത്തി പൂർത്തീകരണ കാലാവധി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Zeena K (Senior Grade Auditor, On 03-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-10-2021) | 1-18 |
| 22 | ക്യാഷ് ബുക്ക് പരിപാലനത്തിലെ അപാകതകൾ<br>Written By: Sreedevi S (Senior Grade Auditor, On 25-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-10-2021) | 1-19 |
| 23 | ഗുണഭോക്താക്കളുടെ രേഖകൾ പൂർണമല്ല<br>Written By: Sreedevi S (Senior Grade Auditor, On 25-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-10-2021) | 1-20 |
| 24 | പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല<br>Written By: Sreedevi S (Senior Grade Auditor, On 25-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-10-2021) | 1-21 |
| 25 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-ധനവിനിയോഗ സാക്ഷ്യപത്രത്തിലെ അപാകത സംബന്ധിച്ച്<br>Written By: Sreedevi S (Senior Grade Auditor, On 25-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-10-2021) | 1-22 |
| 26 | പർച്ചേസ് ചെയ്ത സാധനങ്ങൾ സ്റ്റോക്കിലെടുക്കാത്തത് സംബന്ധിച്ച്<br>Written By: Sreedevi S (Senior Grade Auditor, On 25-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 23-10-2021) | 1-23 |
| 27 | പ്രോജക്ട് നം.23/19-20 - മുട്ടക്കോഴി വളർത്തൽ (വനിത) – അപാകത സംബന്ധിച്ച്<br>Written By: Sreedevi S (Senior Grade Auditor, On 25-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 25-10-2021) | 1-24 |
| 28 | പർച്ചേസ് ചെയ്ത ഡബിൾ ട്യൂബ് ലൈറ്റ് സെറ്റ് യഥാസമയം സ്റ്റോക്കിലെടുത്തില്ല<br>Written By: Sreedevi S (Senior Grade Auditor, On 08-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 25-10-2021) | 1-28 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കൺവീനർ വർക്കിൽ നിന്നും GST തുക കുറവ് ചെയ്തിട്ടില്ല-അധികമായി നൽകിയ 22543/-രൂപ നിരാകരിക്കുന്നു.<br>Written By: Zeena K (Senior Grade Auditor, On 04-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 25-10-2021) | 3-1 |
| 2 | പൂർത്തീകരണ കാലാവധിയുടെ പിഴ ഈടാക്കിയിട്ടില്ല-7988/രൂപ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.<br>Written By: Zeena K (Senior Grade Auditor, On 04-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-11-2021) | 3-2 |
| 3 | പ്രോജക്ട് നം.23/19-20 - മുട്ടക്കോഴി വളർത്തൽ (വനിത) – അധികമായി നൽകിയ 17,000/- രൂപ നിരാകരിക്കുന്നു<br>Written By: Rajeevan Chellan (Office Superintendent, On 23-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 25-10-2021) | 3-3 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 03-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 25-10-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 03-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 10-11-2021) | 4-2 |
| 3 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Zeena K (Senior Grade Auditor, On 03-09-2021) | 4-3 |

| | | |
|---|---|---|
| | Last Updated By: Rajeevan Chellan (Office Superintendent, On 25-10-2021) | |
| 4 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 03-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 25-10-2021) | 4-4 |
| 5 | ഓഡിറ്റ് റിക്കവറി<br>Written By: Zeena K (Senior Grade Auditor, On 03-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 25-10-2021) | 4-5 |
| 6 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Zeena K (Senior Grade Auditor, On 03-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 25-10-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Zeena K (Senior Grade Auditor, On 03-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 25-10-2021) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Zeena K (Senior Grade Auditor, On 03-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 25-10-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Zeena K (Senior Grade Auditor, On 04-09-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 25-10-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Zeena K (Senior Grade Auditor, On 03-09-2021)<br>Last Updated By: Mary Andrews (Audit Officer, On 20-09-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

05.03.2019 ലെ 1(1) നമ്പർ തീരുമാനപ്രകാരം 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. മുന്നിരിപ്പുൾപ്പെടെയുള്ള പ്രതീക്ഷിത വരവ് 308178281/-രൂപയും പ്രതീക്ഷിത ചെലവ് 298020301/-രൂപയുമാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 04.05.2020 | -- | -- |

1-2-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. Bidders EMD

Balance Sheet Schedule B7 ൽ Bidders EMD 41100/-രൂപയാണ്. എന്നാൽ EMD രജിസ്റ്ററിൽ 41000/-രൂപയെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 3/2020 നുള്ള മറുപടിയിൽ വേസ്റ്റ് പേപ്പർ ലേലം ചെയ്ത വകയിൽ ഡെപ്പോസിറ്റായി ലഭിച്ച 100/-രൂപയുടെ വ്യത്യാസമാണെന്നും ആയതു ലേല തുകയിൽ ക്രമീകരിച്ചുവെന്നും അറിയിച്ചിരിക്കുന്നു.

2. 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിൽ ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് തുകകൾ മാറ്റമില്ലാതെ അവശേഷിക്കുന്നു.

| | |
|---|---|
| Other Deposits | 37600 |
| Auction Deposit | 77844 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 3/2020 നുള്ള മറുപടിയിൽ പ്രസ്തുത തുകകൾ റീഫണ്ട് ചെയ്യില്ലെങ്കിൽ അവ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം തനതു ഫണ്ടിലേക്ക് മാറ്റുന്നതാണെന്ന അറിയിച്ചിരിക്കുന്നു.

3. ഗുണഭോക്തൃ വിഹിതം നീക്കിയിരിപ്പായി 24663/- രൂപ അവശേഷിക്കുന്നു.

ഗുണഭോക്തൃവിഹിതമായി അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിനു വിധേയമായി പ്ലാൻ ഫണ്ടിൽ അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന ഓഡിറ്റ് എൻക്വയറി നം 3/2020 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

4.സംയുക്ത പ്രോജക്ട് ചെലവ് തുകയിൽ പൊരുത്തക്കേട്

സുലേഖ ചെലവ് പത്രികയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചെലവായി 2745407/- രൂപയാണ് കാണിച്ചിരിക്കുന്നത്.എന്നാൽ സ്ഥാപനത്തിലെ രജിസ്റ്ററിൽ 2417314/-രൂപയുടെ ചെലവാണ് കാണിച്ചിരിക്കുന്നത്. 328093/-രൂപയുടെ വ്യത്യാസമുണ്ട്.

ജില്ലാ പഞ്ചായത്തിന്റെ നീക്കിയിരിപ്പായി 2018-19 ലെയും 2019-20 ലെയും തുക 372534/-രൂപയെന്നാണ് B4 ഷെഡ്യൂളിൽ കാണിച്ചിരിക്കുന്നത്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ 2098211/-രൂപയുടെ ചെലവ് വന്നിരിക്കുന്നു.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 3/2020 നുള്ള മറുപടിയിൽ 2019-20 മുതൽ സംയുക്ത പ്രോജക്ടുകൾക്ക് ചെലവ് ചെയ്യുന്നത് അതാത് സ്ഥാപനങ്ങൾ(ജില്ലാ,ബ്ലോക്ക് പഞ്ചായത്തുകൾ) നേരിട്ട് ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക നൽകിയാണെന്നും, സംയുക്ത പ്രോജക്ടിന്റെ തുകകൾ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ വരുന്നില്ലായെന്നും മുൻ വർഷങ്ങളിൽ വന്ന തുകകളുടെ ഈ വർഷത്തെ ചെലവാണ് കാണിച്ചിരിക്കുന്നതെന്നും, വ്യത്യാസം വന്ന തുക അതാത് സ്ഥാപനങ്ങൾനേരിട്ട് ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകിയ തുകയാണെന്നും അറിയിച്ചിട്ടുണ്ട്.

### 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക# |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 19155878 | 19155878 | *17747920 | 1407958 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 9788588 | 9788588 | 6802005 | 2986583 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 265000 | 265000 | 0 | 265000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 15816899 | 15816899 | 7027275 | 8789624 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 23710000 | 23710000 | 12089561 | 11620439 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 6016000 | 6016000 | 2706505 | 3309495 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| ലൈബ്രറി ഗ്രാന്റ് | 5820 | 25250 | 31070 | 31070 | 0 |
| സാക്ഷരത മിഷൻ ഗ്രാന്റ് | 8432 | 254 | 8686 | 0 | 8686 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 936812 | 12000 | 948812 | 660356 | 288456 |
| കേന്ദ്രാവിഷ്കൃത ഫണ്ട്(ഇനം തിരിച്ച്) | | | | | |
| NREGA | 6136 | 1710533 | 1716669 | 1716427 | 242 |
| WGDP | 2157 | 84923 | 87080 | 0 | 87080 |
| ICDS | 663383 | 1097162 | 1760545 | 800000 | 960545 |

* ACR പ്രകാരമുള്ള ചെലവ് തുക

# ലാപ്സായ തുകയുടെ വിവരം

| ഗ്രാന്റിനം | നീക്കിയിരിപ്പ് തുക | കൃൂബിൽ | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 1407958 | 344000 | 1063958 |
| വികസനഫണ്ട് (എസ്.സി.പി) | 2986583 | 447268 | 2539315 |
| വികസനഫണ്ട് (ടി.എസ്.പി) | 265000 | -- | 265000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 8789624 | 5552320 | 3237304 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 11620439 | 4736438 | 6884001 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 3309495 | 199183 | 3110312 |

1-3-1. ചെലവ് ശതമാനത്തിലെ കുറവ്

Consolidated Report പ്രകാരം ചുവടെ ചേർക്കുന്ന ഇനങ്ങളുടെ ചെലവ് 50% ശതമാനത്തിൽ താഴെ മാത്രമാണ്.

| ഫണ്ട് | അടങ്കൽ | ചെലവ് | ചെലവ് (ശതമാനം) |
|---|---|---|---|
| വികസന ഫണ്ട് -പൊതു വിഭാഗം-ഉല്പാദനം | 6971230 | 3232650 | 46.37% |
| CFC -പൊതു വിഭാഗം-സേവനം | 9471900 | 3150251 | 33.25% |
| CFC -പൊതു വിഭാഗം-പശ്ചാത്തലം | 9339347 | 3877024 | 41.51% |

ഓഡിറ്റ് എൻക്വയറി നം 4 നുള്ള മറുപടിയിൽ ട്രഷറി നിയന്ത്രണം, അലോട്ട്മെന്റിന്റെ കുറവ് എന്നിവ മൂലമാണ് ഇത്തരത്തിൽ കുറവ് വന്നിരിക്കുന്നതെന്ന് അറിയിച്ചിരിക്കുന്നു.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 290 | 163668503 | 183 | 81150585 | 0 | 107 | 63% |

1-4-1 സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല

16-11-2013 ലെ സർക്കാർ ഉത്തരവ് നമ്പർ 362/2013/ത.സ്വ.ഭ.വ ഖണ്ഡിക 11.3 Xii (ഇ)യിലും 29-3-2017 ലെ 72/2017/തസ്വഭവ നമ്പരിലുള്ള പദ്ധതി മാർഗനിർദ്ദേശത്തിലും സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷം തന്നെ പൂർത്തീകരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. മാത്രമല്ല വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ സ്പിൽ ഓവറായി തുടരേണ്ടുന്ന പദ്ധതികളെക്കുറിച്ച് തീരുമാനം

എടുക്കുകയും അതിനെ വാർഷിക പദ്ധതിയുടെ ഭാഗമാക്കി മാറ്റേണ്ടതുമാണ്. എന്നാൽ ചുവടെ ചേർക്കുന്ന സ്പിൽ ഓവർ പദ്ധതികൾ പൂർത്തിയാകിയിട്ടില്ല. ആയതിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 1/2021, 9/2021 എന്നിവയ്ക്കുള്ള മറുപടി ഉൾപ്പെടുത്തിയ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ പദ്ധതിയുടെ പേര് | നിർവഹണോ ദ്യോഗസ്ഥൻ | അടങ്കൽ | ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|
| 1 | 216/19- കുട്ടവിളാകം റോഡ് സെക്കന്റ് മെറ്റലിംഗ് ടാറിംഗ് വാർഡ് 7 | അസി.എഞ്ചിനീയർ | 2,90,000/- | തർക്കമായതിനാൽ പൂർത്തീകരിച്ചില്ല. |
| 2 | 220/19- ഗാന്ധിഗ്രാമം സാംസ്കാരിക നിലയം ചുറ്റുമതിൽ നിർമാണം | അസി.എഞ്ചിനീയർ | 2,50,000/- | ബ്ലോക്ക് വിഹിതം ലഭ്യമാകാ ത്തതിനാൽ പൂർത്തീകരിച്ചില്ല. |
| 3 | 233/19- പറയാട്ടുകോണം എസ്സ്.സി കോളനിയിലെ അംഗൻവാടി മെയിന്റനന്സും രണ്ടാം നില നിർമ്മാണവും | അസി.എഞ്ചിനീയർ | 500000/- | ബ്ലോക്ക് വിഹിതം ലഭ്യമാകാ ത്തതിനാൽ പൂർത്തീകരിച്ചില്ല. |
| 4 | 208/19- അംഗൻവാടികൾക്ക് സ്ഥലം വാങ്ങൽ | സെക്രട്ടറി | 3,50,000/- | വകയിരുത്തിയ തുകയ്ക്ക് അനുസൃത മായി സ്ഥലം ലഭ്യമായില്ല. |

സ്പിൽ ഓവർ പദ്ധതികൾ അതേവർഷംതന്നെ പൂർത്തിയാക്കുന്നതിനും പദ്ധതിപ്പണം പാഴാക്കാതെ ചെലവഴിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-5 പണം നീക്കിയിരിപ്പിന്റെ വിവരം

മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പരിശോധന 24.08.2021 തീയതിയിൽ രാവിലെ 11.30 ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 45382/-രൂപയുടെ നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-6 തൊഴിൽ നികുതി രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കുന്നില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയിൽ നികുതി ഒടുക്കാൻ കാലതാമസം വരുത്തിയവരിൽ നിന്ന് പിഴ തുക ഈടാക്കിയിട്ടില്ലായെന്നും ചിലർ അർദ്ധ വാർഷിക നികുതി ഒടുക്കിയിട്ടില്ലെന്നും കണ്ടെത്തി. ഇവരിൽ നിന്നും എന്ത് കൊണ്ട് പിഴ തുക ഈടാക്കിയില്ലെന്നും നികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7 നു മറുപടിയായി ഇവരിൽ നിന്നും പിഴ തുക ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കി മറുപടി ലഭിച്ചു. പിഴ ഈടാക്കിയിട്ടും പ്രസ്തുത വിവരം രജിസ്റ്ററിൽ രേഖപ്പെടുത്താത്ത തൊഴിലിടങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | തൊഴിലിടം |
|---|---|
| 1 | ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ |
| 2 | മലയിൻകീഴ് സർവ്വീസ് സഹകരണ ബാങ്ക് |
| 3 | ഷൈൻ കോളേജ് |

2. റബ്ബർ ബോർഡിന്റെ രണ്ടാം അർദ്ധവർഷ നികുതി ഒടുക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ 28/04/2020 തീയതിയിൽ 120260500002 രസീത് നമ്പറിൽ നികുതി ഒടുക്കിയിട്ടുണ്ട് എന്ന് ഓഡിറ്റ് എൻക്വയറി നം 7 നു മറുപടിയായി അറിയിച്ചിട്ടുണ്ട്.

രജിസ്റ്ററുകളിൽ കൃത്യമായ രേഖപെടുത്തലുകൾ നടത്തി കാലികമായി സൂക്ഷിക്കേണ്ടതാണ് .

## 1-7 പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി

പഞ്ചായത്തിലെ പി.എം.സി. സജീവമല്ല. പഞ്ചായത്തിലെ പി.എച്ച്.സി.യും ആയുർവേദ ആശുപത്രിയും പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും പി.എം.സി. മിനിട്ട്സിൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലില്ല. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ പരിഷ്കരിച്ച മാർഗ്ഗരേഖ [സ.ഉ(സാധാ.) നം.553/2019 തസ്വഭവ തീയതി 07.03.2019)] 2.9.2 പ്രകാരം രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ കൂടേണ്ടതാണ്. എന്നാൽ തൻവർഷം 22-06-19ലും, 28-01-20 ലും മാത്രമാണ് പി.എം.സി. കൂടിയിട്ടുള്ളത്. ഇതിൽ ആദ്യ മീറ്റിംഗിന്റെ മിനിട്ട്സ് മാത്രമാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

പി.എം.സി. മാർഗ്ഗരേഖയ്ക്കനുസൃതമായി നിർബന്ധമായും യോഗം ചേരുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തി പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 383640 | 408 |
| കർഷകതൊഴിലാളി പെൻഷൻ | 1852200 | 496 |
| വിധവാപെൻഷൻ | 5540400 | 1596 |
| വാർദ്ധക്യകാലപെൻഷൻ | 8624100 | 2565 |
| വികലാംഗപെൻഷൻ | 1674100 | 494 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 144000 | 40 |

## 1-9 ഡയറി ഫാം ഇൻസ്ട്രക്ടർ ക്യാഷ് ബുക്ക് കാലികമാക്കിയിട്ടില്ല.

2019-20 വർഷത്തെ ഡയറി ഫാം ഇൻസ്ട്രക്ടറുടെ ക്യാഷ് ബുക്ക് പരിശോധനയിൽ 26/12/2019 ന ശേഷമുള്ള ട്രഷറി ബിൽ ബുക്കിലെ തുകകൾ ഒന്നും തന്നെ രേഖപെടുത്തിയിട്ടില്ലായെന്ന് കണ്ടെത്തി. ക്യാഷ് ബുക്കിലെ രേഖപ്പെടുത്തലിലുണ്ടായ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എനിക്വയറി നം. 15 ന മറുപടി ലഭിച്ചിട്ടില്ല.

ക്യാഷ് ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/11/2019 | 9/2019-10/2019 | 12/11/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11/10/2018 | 2017-18 | 27/11/2018 |

## 1-11 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി. എസ്.)എ 9-764/2019 നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. മലയിൻകീഴ് ഗ്രാമ പഞ്ചായത്തിൽ നിലവിൽ 23 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ റേഷൻ കട ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.8 ന മറുപടിയായി ഇവരുടെ അർദ്ധ വാർഷിക വരുമാനം 12000- രൂപയിൽ കൂടാത്തതുകൊണ്ടാണ് തൊഴിൽ നികുതി ഈടാക്കാത്തതെന്ന് അറിയിച്ചു. ഇത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 പൊതു ടാപ്പുകളുടെ വെള്ളക്കരം യഥാസമയം ഒടുക്കിയിട്ടുള്ളത് കുടിശ്ശികയായി ബില്ലിൽ ഉൾപ്പെടുന്നു

പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള 208 പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിലുള്ള തുകയായ 91000/-രൂപ (5250x208/12) 2019-20 വർഷം എല്ലാ മാസവും Due Date ന് മുൻപായി തന്നെ ഒടുക്കിയിട്ടുണ്ട്. എന്നാൽ 2020 ജനവരി മാസം മുതലുള്ള ബില്ലിൽ വെള്ളക്കരം കുടിശ്ശിക കാണിക്കുന്നു. ജനവരി മാസത്തെ ബില്ലിൽ 91000/-രൂപ കൂടാതെ 2019 ഡിസംബർ മാസത്തെ നീക്കിയിരിപ്പ് എന്ന ഇനത്തിൽ 30616/-രൂപയും പിഴയായി 612/-രൂപയും കൂടി ഉൾപ്പെടുന്നു. കൂടാതെ 2020 ഫെബ്രുവരി മാസത്തെ ബില്ല് മേൽ കുടിശ്ശികയും ജനവരി മാസത്തെ കുടിശ്ശികയും പലിശയും ചേർന്നതും മാർച്ച് മാസത്തെ ബില്ല് മേൽ കുടിശ്ശികയും ജനവരി, ഫെബ്രുവരി മാസങ്ങളിലെ കുടിശ്ശികയും പലിശയും ചേർന്നതുമാണ്. ബില്ലിലെ അപാകത ഇപ്പോഴും തുടരുന്നുണ്ടെന്നും കുടിശ്ശിക സംബന്ധിച്ച അവ്യക്തത വാട്ടർ അതോറിറ്റി പരിഹരിച്ച നൽകിയിട്ടാത്തതിനാൽ കുടിശ്ശിക ഒടുക്കിയിട്ടില്ലെന്നുമാണ് വിശദീകരണം (ഓഡിറ്റ് എൻക്വയറി നം.17 ന്റെ മറുപടി). കൂടാതെ ഓരോ മാസവും വാടകയിനത്തിൽ വലിയ തുക ഒടുക്കുന്നുണ്ടെങ്കിലും പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നാളിതുവരെ നടത്തിയിട്ടില്ല. വാട്ടർ അതോറിറ്റി ഡേറ്റ് നിശ്ചയിച്ച് നൽകാത്തതു കൊണ്ടും കോവിഡ് സാഹചര്യം മൂലവുമാണ് പരിശോധന നടത്താത്തത് എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. ആയതിനാൽ പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന എത്രയും വേഗം നടത്തേണ്ടതും കുടിശ്ശിക സംബന്ധിച്ച അവ്യക്തത പരിഹരിക്കേണ്ടതുമാണ്.

## 1-13 അവധികാല ക്യാമ്പ്- ചെലവ് തുക തിരികെ ലഭിച്ചില്ല -10825-രൂപ തടസ്സപ്പെടുത്തുന്നു

കിലയുടെ ആഭിമുഖ്യത്തിൽ നടത്തിയ കുട്ടികളുടെ അവധികാല ക്യാമ്പിന് ചെലവായ 10825-രൂപ CDS ചെയർപേഴ്സന് നല്കുന്നതിന് 31-05-19ലെ ജനറൽ കമ്മറ്റി മിനിട്ട്സ് 16-ാം നംപരായി തീരുമാനിക്കുകയും ആയതു വൌച്ചർ നം. 219000252/7-6-19 (ചെക്ക് നം.248258/7-6-19) പ്രകാരം നല്കുകയും ചെയ്തു. ക്യാമ്പിന്റെ ചെലവ് കിലായിൽ നിന്നും തിരികെ ലഭിക്കുമെന്ന വ്യവസ്ഥയിലാണ് ക്യാമ്പ് സംഘടിപ്പിച്ചത്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22) ചെലവ് തുക തിരികെ ലഭിക്കുന്നതിന് തുടർ

നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ അവധികാല ക്യാമ്പിന് ചെലവായ 10825-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത തുക കിലയിൽ നിന്നും തിരികെ ഈടാക്കി, വിവരം ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-14 ഗ്രാന്റ് തുക -തിരികെ ഒടുക്കാൻ അവശേഷിക്കുന്നു

2013-14 വർഷം കക്കൂസ് നിർമാണത്തിനായി ലഭിച്ച ഗ്രാന്റിന്റെ വിനിയോഗശേഷമുള്ള ബാക്കി തുക തിരികെ സർക്കാരിൽ ഒടുക്കുന്നതിന് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട് (നമ്പർ 4-5/02/07/19). മലയിൻകീഴ് സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യയിലെ TSC അക്കൗണ്ടിൽ (അക്കൗണ്ട് നം.2034042528) നിലവിൽ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23 ) മറുപടി ലഭ്യമായില്ല. തന്നെയുമല്ല, പ്രസ്തുത അക്കൗണ്ടിന്റെ പാസ്ബുക്ക്/ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല. പ്രസ്തുത തുക സർക്കാരിൽ തിരികെ അടച്ചിട്ടുണ്ടെങ്കിൽ, അടവിന്റെ വിശദാംശങ്ങൾ രേഖകൾ സഹിതം അടുത്ത ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 ധനവിനിയോഗ സാക്ഷ്യപത്രം പ്രകാരം അടങ്കൽ തുകയേക്കാൾ കൂടുതൽ ചെലവഴിച്ചിരിക്കുന്നു

കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ മുഖാന്തിരം നടപ്പാക്കിയ പ്രോജക്ട് നം.24/2020 എബിസി പ്രോഗ്രാമിന്റെ ഭാഗമായി തെരുവ് നായ്ക്കളുടെ വന്ധ്യംകരണത്തിനുള്ള ചെലവിനായി എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, പ്രോജക്ട് ഫയൽ എന്നിവ പ്രകാരം വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നുള്ള അടങ്കൽ തുകയും ബിൽ നമ്പർ 01/24.07.19 പ്രകാരമുള്ള ചെലവ് തുകയും 1,97,400/- രൂപയാണ്. എന്നാൽ ഓഡിറ്റ് അന്വേഷണം 25 മുഖേന ആവശ്യപ്പെട്ട പ്രകാരം ലഭ്യമാക്കിയ ധനവിനിയോഗ സാക്ഷ്യപത്രം 3,15,000/- രൂപയുടെയാണ്. അതു പ്രകാരം ടി പദ്ധതിയുടെ ആവശ്യത്തിലേക്കായി 3,15,000/- രൂപ വെറ്ററിനറി സർജന്റെ പക്കൽ നിന്നും കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷന് ലഭിക്കുകയും തുക പൂർണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അതായത് വകയിരുത്തിയ അടങ്കൽ തുകയേക്കാൾ 1,17,600/- രൂപ കൂടുതൽ ചെലവഴിച്ചിരിക്കുന്നു. പ്രസ്തുത പദ്ധതിക്കായി യഥാർത്ഥത്തിൽ എത്ര രൂപയാണ് ചെലവഴിച്ചിരിക്കുന്നത് എന്നത് സംബന്ധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.
പ്രസ്തുത പ്രോജക്ട് എപ്രകാരമാണ് നടപ്പാക്കിയിരിക്കുന്നതെന്നും എത്ര നായ്ക്കൾക്കാണ് വന്ധ്യംകരണം നടത്തിയതെന്നും അവയുടെ ചികിത്സ, വാക്സിനേഷൻ, മറ്റ് ചെലവുകൾ എന്നിവയെ സാധൂകരിക്കുന്ന എല്ലാ രേഖകളും ഹാജരാക്കേണ്ടതാണ്.

## 1-16 ലൈഫ് ഭവന പദ്ധതി - അപാകങ്ങൾ

1-16-1) ലൈഫ് ഭവന പദ്ധതി പ്രകാരം അവസാന ഗഡു ധനസഹായം കൈപ്പറ്റിയ രേഖയോ, പൂർത്തീകരണ സാക്ഷ്യപത്രമോ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന പദ്ധതി |
| പ്രോജക്ട് നം. | 263/19 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ. |
| വിഭാഗം | പട്ടികജാതി |
| ഫണ്ട് | എസ്.സി.പി.– 16,73,000<br>സംസ്ഥാനാവിഷ്കൃതം – 15,00,000<br>ബ്ലോക്ക് പഞ്ചായത്ത് – 10,00,000<br>ജില്ലാ പഞ്ചായത്ത് – 10,00,000<br>മറ്റുള്ളവ – 25,00,000 |
| ആകെ അടങ്കൽ തുക | 76,73,000/- |
| ചെലവ് | 13,28,125/- |

| പേര് | അപാകത | പൂർത്തിയാക്കാത്തതിന്റെ വിശദീകരണം |
|---|---|---|
| 1. സുധർമ്മ സൂര്യരശ്മി തച്ചോട്ട്കാവ് | അവസാന ഗഡു കൈപ്പറ്റിയ രേഖ, പൂർത്തീകരണ സാക്ഷ്യപത്രം ഇവ ഇല്ല. | ഓഡിറ്റ് എൻക്വയറി 16 പ്രകാരമുള്ള മറുപടിയിൽ 02.08.2021-ൽ തുക കൈപ്പറ്റി എന്നറിയിച്ചിട്ടുണ്ട്. |
| 2. ഉഷാകുമാരി, പ്രിയാസദനം, വലിയറത്തല | -ടി- | ഓഡിറ്റ് എൻക്വയറി 16 പ്രകാരമുള്ള മറുപടിയിൽ, ടിയാന് അസുഖമായതുകൊണ്ട് വീടിന്റെ തുടർപണികൾ ചെയ്യാൻ ബുദ്ധിമുട്ട് ഉണ്ട്. അടിയന്തിരമായി പണി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചുകൊള്ളാമെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 3. ചന്ദ്രിക. കെ. | -ടി- | ഓഡിറ്റ് എൻക്വയറി 16 പ്രകാരമുള്ള മറുപടിയായി ടിയാൻ |

| | | |
|---|---|---|
| മൂലവിളാകം, ശാന്തമൂല, മലയിൻകീഴ് | | 2020-21 സാമ്പത്തിക വർഷത്തിൽ മുഴവൻ തുകയും കൈപ്പറ്റിയതായി അറിയിച്ചു. |
| 4. അംബിക W/O. യേശുദാസൻ, പറങ്കിമാംവിള പുത്തൻവീട്, ഊരൂട്ടമ്പലം, മലയിൻകീഴ്. | നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല | ഓഡിറ്റ് എൻക്വയറി 16 പ്രകാരമുള്ള മറുപടിയിൽ ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ശ്രമിക്കാം എന്നാണ് അറിയിച്ചിട്ടുള്ളത്. |
| 5. ജയശ്രീ, താഴമംഗലത്തു മേലേവീട്, കുന്നംപാറ, ഊരൂട്ടമ്പലം. പി.ഒ. | " | " |
| 6. രാജി. എസ്.ആർ, ജയാഭവൻ, ആൽത്തറ ജംഗ്ഷൻ, മലയിൻകീഴ് | " | " |
| 7.സജിത, കടമ്പറത്തലയ്ക്കൽ മേലേ പുത്തൻവീട്, മലയിൻകീഴ് | " | " |
| 8. വാസന്തി, W/O. കുമാരദാസ് താടവിള, മലയിൻകീഴ് | " | " |
| 9. വസന്ത, ഷീജാഭവൻ, വെള്ളംകൊള്ളിത്തലയ്ക്കൽ, പാലോട്ടുവിള, മലയിൻകീഴ് | " | " |
| 10. ലെന, പൂവത്തൂർമൂല പുത്തൻവീട്, മലയിൻകീഴ് | " | " |

**1-16-2 പൊതു വിഭാഗം, പട്ടികജാതി - വിഭാഗങ്ങളിലും വെവ്വേറെ ലിസ്റ്റോ ചെലവുരേഖയോ ഹാജരാക്കിയിട്ടില്ല.**

ലൈഫ് ഭവന പദ്ധതി 171, 255 (പൊതു വിഭാഗം) 256, 263 (എസ്.സി) എന്നീ പ്രോജക്റ്റുകളുടെ രണ്ടു വിഭാഗങ്ങളിലും ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പേര് ഉൾപ്പെടെ വെവ്വേറെ ലിസ്റ്റും, അതാത് വിഭാഗങ്ങൾക്ക് പ്രത്യേകം ചെലവാക്കിയ തുകയുടെ വിശദാംശവും നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 18/19-ന് ലഭ്യമാക്കിയ മറുപടിയിൽ ലിസ്റ്റ് ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ട് എന്നാണ്. ഇവ സംബന്ധിച്ച് വെവ്വേറെ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. പ്രോജക്റ്റുകളുടേ വിശദാംശം താഴെ.

| | 171 | 255 | 256 | 263 |
|---|---|---|---|---|
| പ്രോജക്റ്റിന്റെ പേര് | ഭവന നിർ മ്മാണം (ലൈഫ് പദ്ധതി) പൊതു വിഭാഗം (New) | ഭവന നിർമ്മാണം (ലൈഫ് പദ്ധതി) പൊതു വിഭാഗം SO | ഭവന നിർമ്മാണം (ലൈഫ് പദ്ധതി) എസ്.സി. SO | ഭവന നിർമ്മാണം (ലൈഫ് പദ്ധതി) എസ്.സി New |
| ഫണ്ട് സാധാരണ വിഹിതം | 3060000 | | | |
| SCP | - | | 800000 | 1673000 |
| സംസ്ഥാനാവിഷ്കൃതം | 13000000 | | | 1500000 |
| ബ്ലോക്ക് വിഹിതം | 1200000 | 3474 | | 1000000 |
| ജില്ലാ വിഹിതം | 1000000 | | 372534 | 1000000 |
| മറ്റുള്ളവ | 3500000 | 23290717 | 1627466 | 2500000 |
| ആകെ അടങ്കൽ | 21760000 | 23294191 | 2800000 | 7673000 |

| | | | | |
|---|---|---|---|---|
| ആകെ ചെലവ് | 15703336 | 10417665 | 800000 | 1328125 |

## 1-16-3 ലൈഫ് ഭവന പദ്ധതി - ചെലവ് രേഖ ഹാജരാക്കിയില്ല 22073665/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.171/19, 255/19, 256/19, 263/19 പദ്ധതികളുടെ ആകെ ചെലവ് തുക 2,82,49,126/-രൂപയാണ്. എന്നാൽ ബിൽ ബുക്ക് പ്രകാരമുള്ള ആകെ ചെലവ് 61,75,461/-രൂപയാണ്. ബാക്കി തുകയായ 2,20,73,665/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ഇതിന്റെ വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറി 21നുള്ള മറുപടിയിൽ പറയുന്നത് ഇപ്രകാരമാണ്. പ്രോജക്ട് നം.171/19 പ്രകാരം സ്റ്റേറ്റ് ഷെയർ, ബ്ലോക്ക് പഞ്ചായത്ത് ഷെയറും കൂടി 11,65,000/-രൂപയുടെ പ്രോജക്ട് നം.255/19 പ്രകാരം ലോൺ തുകയും ബ്ലോക്ക് പഞ്ചായത്ത് ഷെയറും കൂടി 1,04,17,665/-രൂപയും പ്രോജക്ട് നം.256/19 പ്രകാരം പ്ലാൻ ഫണ്ട് 8,00,000/- രൂപയും പ്രോജക്ട് നം.263/19 പ്രകാരം പ്ലാൻ ഫണ്ട് 13,28,125/-രൂപയും കൂടി ആകെ ചെലവ് 2,82,49,126/-രൂപ ചെലവായിട്ടുണ്ട് . എന്നാൽ 2,20,73,665/- ചെലവ് തുക അക്കൗണ്ട് ചെയ്തത് എപ്രകാരമാണെന്നോ, ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയത് എപ്രകാരമാണെന്നോ അറിയിച്ചിട്ടില്ല. കൂടാതെ പദ്ധതി നടപ്പാക്കി പൂർത്തീകരിച്ച വിവരങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ 2,20,73,665/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട ചെലവ് രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 21-ന് ലഭ്യമായ മറുപടിയിൽ ചെലവ് രേഖകൾ ഹാജരാക്കിയിട്ടുണ്ട് എന്നാണ്. എന്നാൽ നൽകിയ മറുപടിയിൽ ബാക്കി തുകയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. 2,20,73,665/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16-4 ഭവനനിർമ്മാണം - മോണിറ്ററിംഗ് ഫലപ്രദമല്ല

ഭവനനിർമ്മാണം (ലൈഫ് പദ്ധതി) പ്രകാരം ആനുകൂല്യം ലഭ്യമായ ഗുണഭോക്താക്കളുടെ മോണിട്ടറിംഗ് റിപ്പോർട്ടിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ, വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടില്ല, വാല്യുയേഷൻ സർട്ടിഫിക്കറ്റ് ഇല്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | വ്യക്തികളുടെ പേര് | മേൽവിലാസം/ വാർഡ് | അപാകത |
|---|---|---|---|
| 27/19- കിണർ റീചാർജിംഗ് | ഷീബ എസ് | ജെയ്ഷ് നിവാസ് മലയിൻകീഴ് വാർഡ് 2 | 1. മോണിറ്ററിംഗ് റിപ്പോർട്ടിൽ നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2.വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 27/19- കിണർ റീചാർജിംഗ് | വിജയകുമാർ എസ് | റോഡരികത്ത് വീട് അരുവിപ്പാറ, മലയിൻകീഴ് വാർഡ് 2 | 1. വാല്യുയേഷൻ സർട്ടിഫിക്കറ്റ് ഇല്ല. 2. മോണിറ്ററിംഗ് റിപ്പോർട്ടിൽ നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 199/19- കിണർ പുനരുദ്ധാരണം | രഘുപതി പി | ഇലവിങ്ങവിളാകം മാടമ്പാറ, നരുവാമൂട് വാർഡ് 14 | മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല |
| 199/19- കിണർ പുനരുദ്ധാരണം | ഇന്ദിരാദേവി | ഗോകുൽ ഭവൻ മലയിൻകീഴ് വാർഡ് 3 | മോണിറ്ററിംഗ് റിപ്പോർട്ടിൽ നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 199/19- കിണർ പുനരുദ്ധാരണം | അംബിക | അവിട്ടംവിളയിൽ വീട്, മാടമ്പാറ, നരുവാമൂട് വാർഡ് 4 | മോണിറ്ററിംഗ് റിപ്പോർട്ടിൽ നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 199/19- കിണർ പുനരുദ്ധാരണം | ശ്രീകുമാരി സി | രാഹുൽ ഭവൻ മാവോട്ടുക്കോണം മലയിൻകീഴ് | 1. മോണിറ്ററിംഗ് റിപ്പോർട്ടിൽ നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2.വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 199/19- കിണർ പുനരുദ്ധാരണം | സരസ്വതി എ | സരസ്വതി ഭവൻ കോട്ടിയക്കോണം ഊരൂട്ടമ്പലം പി ഒ | 1. മോണിറ്ററിംഗ് റിപ്പോർട്ടിൽ നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 199/19- കിണർ പുനരുദ്ധാരണം | രജിതകുമാരി ഐ.ആർ | സുരഭി നരുവാമൂട് മലയിൻകീഴ് | 1. മോണിറ്ററിംഗ് റിപ്പോർട്ടിൽ നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 28/19- വീട് വാസയോഗ്യമാക്കൽ (എസ് സി) | ഇന്ദിര ജി | പുത്തൻവിള വീട് കോട്ടറക്കുഴി, മലയിൻകീഴ് | 1. മോണിറ്ററിംഗ് റിപ്പോർട്ടിൽ നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 30/19- വീട് വാസയോഗ്യമാക്കൽ | സുഭദ്ര റ്റി | മഞ്ചാടിവിള പുത്തൻ വീട് മഞ്ചാടി | 1. വാല്യുയേഷൻ സർട്ടിഫിക്കറ്റ് ഇല്ല. |

| | | | |
|---|---|---|---|
| (ജനറൽ) | | മലയിൻകീഴ്. | 2. മോണിറ്ററിംഗ് റിപ്പോർട്ടിൽ നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 30/19- വീട് വാസയോഗ്യമാക്കൽ (ജനറൽ) | മിനി എസ് | പാറയംവിളാകത്ത് വീട് മലയിൻകീഴ് വാർഡ് 2 | മോണിറ്ററിംഗ് റിപ്പോർട്ടിൽ നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 30/19- വീട് വാസയോഗ്യമാക്കൽ (ജനറൽ) | ബേബി | റോഡരികത്ത് വീട് തച്ചോട്ടുകുന്ന് മലയിൻകീഴ് വാർഡ് 5 | മോണിറ്ററിംഗ് റിപ്പോർട്ടിൽ നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 30/19- വീട് വാസയോഗ്യമാക്കൽ (ജനറൽ) | മഞ്ജു ഒ | ഹരിനന്ദനം അന്തിയൂർക്കോണം കൊല്ലോട് പി ഒ | മോണിറ്ററിംഗ് റിപ്പോർട്ടിൽ നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 30/19- വീട് വാസയോഗ്യമാക്കൽ (ജനറൽ) | ദീപാറാണി കെ എസ് | ദീപാഭവൻ കണിയാകോണം ഊരൂട്ടമ്പലം പി ഒ | മോണിറ്ററിംഗ് റിപ്പോർട്ടിൽ നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 30/19- വീട് വാസയോഗ്യമാക്കൽ (ജനറൽ) | ജയൻ | ജെ ബി ഭവൻ മലയിൻകീഴ് | മോണിറ്ററിംഗ് റിപ്പോർട്ടിൽ നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 30/19- വീട് വാസയോഗ്യമാക്കൽ (ജനറൽ) | ഹരികുമാർ | ശ്രീകൃഷ്ണപുരം മലയിൻകീഴ് | മോണിറ്ററിംഗ് റിപ്പോർട്ടിൽ നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 30/19- വീട് വാസയോഗ്യമാക്കൽ (ജനറൽ) | ക്ലീറ്റസ് റ്റി | ജിജോയ് ഭവൻ വിറകുവെട്ടിയൂർക്കോണം മലയിൻകീഴ് | മോണിറ്ററിംഗ് റിപ്പോർട്ടിൽ നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |

ആനുകൂല്യം ലഭ്യമായ ഗുണഭോക്താക്കളുടെ മോണിട്ടറിംഗ് റിപ്പോർട്ടിൽ നിർവ്വഹണ ഉദ്യോഗസ്ഥനും വാർഡ് മെമ്പറും സാക്ഷ്യപ്പെടുത്തുകയും വാല്യുയേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 1-17 സ്റ്റോക്ക് രജിസ്റ്റർ രേഖപ്പെടുത്തലുകളിൽ അപാകത

ഐ.സി.ഡി.എസ് സൂപ്പർവൈസറുടെയും അങ്കണവാടി വർക്കർമാരുടെയും സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വ്യത്യാസം ശ്രദ്ധയിൽപ്പെട്ടു .

29.02.2020 ലെ സ്റ്റോക്ക് പരിശോധിച്ചതിൽ 2 അംഗൻവാടികൾക്ക് വിതരണം ചെയ്ത ഇനങ്ങളിൽ വ്യത്യാസം വന്നിരിക്കുന്നു.

| അംഗൻവാടി നം/പേര് | ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം | വർക്കർമാരുടെയും സ്റ്റോക്ക് രജിസ്റ്റർ പ്രകാരം |
|---|---|---|
| 28 -ശിവജിപുരം | Raw Rice 10 Kg | ഇല്ല |
| 20 -വലിയവിള | Ragi 5 Kg | ഇല്ല |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 13 നുള്ള മറുപടിയിൽ സ്റ്റോക്ക് ഇറക്കുന്ന അവസരത്തിൽ തികയാതെ വരുന്ന ഇനങ്ങൾ അടുത്ത ദിവസങ്ങളിൽ എത്തിച്ചു നൽകാറുണ്ടെന്നും വർക്കർമാർ സ്റ്റോക്ക് രജിസ്റ്റർ മെയിൻ സ്റ്റോക്ക് ഇറക്കുന്ന ദിവസം തന്നെ അവ രേഖപ്പെടുത്തൽ വരുത്തുന്നത് കൊണ്ടാണ് ഇത്തരത്തിൽ വ്യത്യാസം വരുന്നതെന്നും അറിയിച്ചിരിക്കുന്നു.

രജിസ്റ്ററുകൾ തമ്മിൽ പൊരുത്തപ്പെടുത്തി പോകുവാൻ നിർവഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 സെലക്ഷൻ നോട്ടീസ് തീയതി,പ്രവൃത്തി പൂർത്തീകരണ കാലാവധി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനീയർ നടപ്പിലാക്കിയ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചപ്പോൾ മിക്കവയിലും സെലക്ഷൻ നോട്ടീസ് നൽകിയ /അയച്ച തീയതി,Technical Sanction Of Work ൽ പ്രവൃത്തി പൂർത്തീകരണ കാലാവധി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം/പേര് |
|---|---|
| 1 | 111/19-20 ഒലിപ്പുനട യക്ഷിയമ്മൻ നടപ്പാത കോൺക്രീറ്റ് |

| | |
|---|---|
| 2 | 140/19-20<br>കുന്നംപാറക്കോണം ഷാജിവിലാസം ഇടവഴി കോൺക്രീറ്റ് |
| 3 | 73/19-20<br>മണപ്പുറം ചെഞ്ചേരി നടപ്പാത കോൺക്രീറ്റ് |
| 4 | 144/19-20<br>വടവൂർകോണം ഇടവഴി കോൺക്രീറ്റ് |
| 5. | 116/19-20<br>ചിറ്റേത്തലവാരം റോഡ് കോൺക്രീറ്റ് |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 10 നുള്ള മറുപടിയിൽ പ്രസ്തുത അപാകതകൾ ഭാവിയിൽ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-19 ക്യാഷ് ബുക്ക് പരിപാലനത്തിലെ അപാകതകൾ

കേരള ട്രഷറി കോഡ് റൂൾ 92(എ) പ്രകാരം സർക്കാരിനു വേണ്ടി പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും TR 7A ഫോറത്തിൽ ക്യാഷ്ബുക്ക് സൂക്ഷിക്കേണ്ടതാണ്. വെറ്ററിനറി സർജൻ ലഭ്യമാക്കിയ ക്യാഷ്ബുക്ക് 2019-20, 2020-21 വർഷങ്ങളിലേക്ക് പൊതുവായിട്ടുള്ളതാണ്. ക്യാഷ്ബുക്ക് പരിപാലനത്തിൽ കണ്ട പ്രധാനപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ക്യാഷ്ബുക്കിൽ നിരവധി വെട്ടിത്തിരുത്തലുകൾ കാണുന്നു.

2. രേഖപ്പെടുത്തലുകളിൽ തെറ്റ് വന്നിട്ടുണ്ട്,

ഉദാ.- 06.11.2019 ലെ ബിൽ നം.08/19-20പ്രകാരമുള്ള 30,000/- രൂപയ്ക്ക് പകരം ക്യാഷ്ബുക്കിലെ വരവ് ഭാഗത്ത് 27,500/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

3. തുടർച്ചയായ 18 പേജുകളിലെ രേഖപ്പെടുത്തലുകൾ ക്യാൻസൽ ചെയ്തിരിക്കുന്നു.

4. 2019-20 വർഷത്തെ രേഖപ്പെടുത്തലുകൾ അവസാനിച്ച് തുടർച്ചയായി തന്നെ 2020-21 ലെ രേഖപ്പെടുത്തലുകളും വരുത്തിയിരിക്കുന്നു. പുതിയ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു എൻട്രിയുമില്ല.

മേൽ അപാകത അറിയിച്ചു കൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം. 28 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്യാഷ്ബുക്ക് പരിപാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതും അപാകത വരാതെ നോക്കേണ്ടതുമാണ്.

## 1-20 ഗുണഭോക്താക്കളുടെ രേഖകൾ പൂർണമല്ല

2019-20 വർഷം വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ട് നം.20/2020 പശുവളർത്തൽ (വനിത) പ്രോജക്ടിന്റെ ആകെയുള്ള 44 ഗുണഭോക്താക്കളിൽ 32 പേർ ഒപ്പ് വെച്ചിരിക്കുന്ന കരാറുകൾ പൂരിപ്പിച്ചവയല്ല. കൂടാതെ ശ്രീമതി ശോഭന.എസ്, കാപ്പിവിള, റോഡരികത്ത് വീട്, മേപ്പൂക്കട, മലയിൻകീഴ് എന്ന ഗുണഭോക്താവിന്റെ കരാർ പൂരിപ്പിക്കുകയോ ഒപ്പ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. 33 ഗുണഭോക്താക്കൾ പദ്ധതി പൂർത്തീകരണത്തിനാധാരമായ കന്നുകാലിയുടെ ഫോട്ടോ സമർപ്പിച്ചിട്ടില്ല. മാത്രമല്ല ശ്രീമതി രമണി, മണപ്പുറത്ത് മേലേപുത്തൻവീട്, ശ്രീമതി പുഷ്പവല്ലി, മാങ്കുന്ന് പൊറ്റയടി വിളാകത്ത് വീട് എന്നീ വ്യക്തികൾ വാങ്ങിയ കന്നുകാലികൾക്കുള്ള ഇൻഷ്വറൻസ് രേഖകളും പ്രോജക്ട് ഫയലിൽ ഇല്ല.
പ്രോജക്ട് നം.22/2020 പശുവളർത്തൽ (എസ് സി വനിത) എന്ന പ്രോജക്ടിന്റെ 15 ഗുണഭോക്താക്കളിൽ 7 പേർ ഒപ്പ് വെച്ച് നൽകിയിരിക്കുന്ന കരാറുകളും പൂരിപ്പിച്ചവയല്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നടപ്പിലാക്കുമ്പോൾ ബന്ധപ്പെട്ട രേഖകൾ പൂർണമായി പരിശോധിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ മാത്രം പദ്ധതി പൂർത്തീകരണം നടത്തേണ്ടതുമാണ്.

## 1-21 പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല

2019-20 ൽ നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതി ചെലവുകൾക്ക് വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം./പേര് | അടങ്കൽ തുക | ചെലവഴിച്ച തുക | പ്രോജക്ട് നടപ്പിലാക്കിയ സ്ഥാപനം |
|---|---|---|---|---|
| 1 | 3/20- ഐ.കെ.എം ന് തുക നൽകൽ | 1,17,143 | 1,17,143 | ഐ.കെ.എം |
| 2 | 78/20-ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 1,50,000 | 1,50,000 | കെഎസ്ഇബി |
| 3 | 197/20-പൈപ്പ് ലൈൻ നീട്ടൽ | 5,07,000 | 3,05,000 | വാട്ടർ അതോറിറ്റി |
| 4 | 310/20-ലൈൻ എക്സ്റ്റൻഷൻ | 39,00,000 | 48,552 | കെഎസ്ഇബി |
| 5 | 312/20-ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 1,44,900 | 1,38,796 | കെഎസ്ഇബി |

പൂർത്തീകരണ സാക്ഷ്യപത്രം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണം 25 നുള്ള മറുപടി പ്രകാരം മേൽ പ്രോജക്ടുകളുടെ പൂർത്തീകരണ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ലായെന്ന് വിശദീകരിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പൂർത്തീകരണ സാക്ഷ്യപത്രം വാങ്ങേണ്ടത് അത്യന്താപേക്ഷിതമാണ് എന്നതിനാൽ യഥാസമയം അത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-ധനവിനിയോഗ സാക്ഷ്യപത്രത്തിലെ അപാകത സംബന്ധിച്ച്

പഞ്ചായത്തിലെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കാൻ വേണ്ടി നടപ്പിലാക്കിയ പദ്ധതിയാണ് പ്രത്യേക കന്നുകുട്ടി പരിപാലനം. അതിനായി വികസന ഫണ്ടിൽ നിന്നും 2,50,000/- രൂപ അടങ്കൽ തുകയായി വകയിരുത്തുകയും പ്രസ്തുത തുക ബിൽ നം.11/30.10.2019 പ്രകാരം തിരുവനന്തപുരം S.L.B.P. ഡയറക്ടർക്ക് നൽകുകയും ചെയ്തു. ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രം പ്രകാരം പ്രസ്തുത പദ്ധതിയ്ക്കായി S.L.B.P. യ്ക്ക് ആകെ ലഭിച്ച ഫണ്ട് 3,75,000/- രൂപയാണ്. അതിൽ പഞ്ചായത്ത് വിഹിതം 2,50,000/-രൂപയും വകുപ്പ് സബ്സിഡി തുക 1,25,000/-രൂപയുമാണ്. എന്നാൽ ചെലവഴിച്ചിരിക്കുന്നത് ആകെ 4,52,245/-രൂപയാണ്. അതായത് 77,245/-രൂപ കൂടുതൽ ചെലവഴിച്ചിരിക്കുന്നു. ഈ അപായികത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 27 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വരവിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നതായി കാണുന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച് വിശദമായി പരിശോധന നടത്തേണ്ടതും നൽകിയ 2,50,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രം ലഭ്യമാക്കി ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-23 പർച്ചേസ് ചെയ്ത സാധനങ്ങൾ സ്റ്റോക്കിലെടുക്കാത്തത് സംബന്ധിച്ച്

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 25/20 ന്റെ ഭാഗമായി കാലിത്തീറ്റ വിതരണത്തിന് ബില്ലിംഗ് മെഷീൻ വാങ്ങിയത് യഥാസമയം ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിന് അനുബന്ധമായി വാങ്ങിയ DMP Paper Roll -102 എണ്ണം, Ribbon Catridge 10 എണ്ണം എന്നിവ സ്റ്റോക്കിൽ എടുത്തിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 27 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2019-20 വർഷം പർച്ചേസ് ചെയ്ത സാധനങ്ങൾ നാളിതുവരെ സ്റ്റോക്കിലെടുക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. സാധനങ്ങൾ സ്റ്റോക്കിലെടുത്ത് അവയുടെ നാളിതുവരെയുള്ള ഉപയോഗം സംബന്ധിച്ച രേഖപ്പെടുത്തലുകൾ കൂടി വരുത്തി സ്റ്റോക്ക് ക്രമീകരിക്കേണ്ടതാണ്.

## 1-24 പ്രോജക്ട് നം.23/19-20 - മുട്ടക്കോഴി വളർത്തൽ (വനിത) – അപാകത സംബന്ധിച്ച്

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മുട്ടക്കോഴി വളർത്തൽ (വനിത) പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃ വിഹിതം അധികമായി വാങ്ങിയിരുന്നു. തൻമൂലം ആനുകൂല്യം ലഭിക്കുന്നതിനായി പഞ്ചായത്ത് നഴ്സറിയ്ക്ക് നൽകിയ വിഹിതം അധികമാണ്. അതിനാൽ അധികമായി നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദ വിവരം ഖണ്ഡിക 3-3 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-28 പർച്ചേസ് ചെയ്ത ഡബിൾ ട്യൂബ് ലൈറ്റ് സെറ്റ് യഥാസമയം സ്റ്റോക്കിലെടുത്തില്ല

2019-20 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ Double Tube Light Set വാങ്ങൽ പദ്ധതിയുടെ ഭാഗമായി അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും വാങ്ങിയ 162 എണ്ണം Light Set ൽ 160 എണ്ണം മാത്രമാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 5ന് ലഭ്യമാക്കിയ മറുപടിയിൽ ക്വാളിറ്റി പരിശോധനയ്ക്കായി എഞ്ചിനിയറിംഗ് കോളേജിന് നൽകിയിരുന്ന 2 എണ്ണം തിരികെ വാങ്ങാൻ വിട്ടുപോയി എന്നും ആയത് ഇപ്പോൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്നുമാണ് അറിയിച്ചിരിക്കുന്നത്. സ്റ്റോക്ക് രജിസ്റ്ററിലെ പുതിയ രേഖപ്പെടുത്തൽ പ്രകാരവും ഭൗതിക പരിശോധനയിലും 2 എണ്ണം ഇപ്പോൾ സ്റ്റോക്കിലുണ്ടെന്ന് ബോധ്യപ്പെട്ടു. എന്നാൽ 01/2020 ൽ വാങ്ങിയ Light Set ന്റെ ആകെ എണ്ണം, ക്വാളിറ്റി പരിശോധനയ്ക്കായി നൽകിയതിന്റെ വിവരം എന്നിവ കൃത്യമായി രേഖപ്പെടുത്താതെ ഒന്നര വർഷത്തിനു ശേഷം 27/08/2021 ൽ 2 എണ്ണം ലഭിച്ചതായി മാത്രം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന രീതി ശരിയല്ല. സ്റ്റോക്ക് രജിസ്റ്ററിൽ പൂർണമായ വിവരങ്ങൾ രേഖപ്പെടുത്തി തന്നെ സ്റ്റോക്ക് ക്രമീകരിക്കേണ്ടതാണ്.

കൂടാതെ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിക്കുന്നതിനായി 2019-20 വർഷം വാങ്ങിയ 162 Double Tube Light Set ൽ 160 എണ്ണം യഥാസമയം സ്ഥാപിച്ച് കഴിഞ്ഞതിനാൽ ഇപ്പോൾ സ്റ്റോക്കിലുള്ള 2 എണ്ണം കൂടി എത്രയും വേഗം ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## 3-1 കൺവീനർ വർക്കിൽ നിന്നും GST തുക കുറവ് ചെയ്തിട്ടില്ല-അധികമായി നൽകിയ 22543/-രൂപ നിരാകരിക്കുന്നു.

സർക്കാർ ഉത്തരവ് (പി)നം.30/2016ധന. തീയതി 29/02/2016 പ്രകാരം ഗുണഭോക്തൃസമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് അനുവദിക്കാമെന്നും എന്നാൽ വർക്ക് ബില്ലുകളിൽ നിന്നും ഈടാക്കുന്ന അനുവദനീയമായ നികുതികൾ ഗുണഭോക്തൃസമിതി തന്നെ വഹിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്.

മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് കൂടെ ഉൾപ്പെട്ട നിരക്കാണ് PRICE Software ൽ വിഭാവനം ചെയ്തിരിക്കുന്നത്. ഈ സമയത്ത് 5% VAT ആണ് നിലവിലുണ്ടായിരുന്നത്. 01.01.2017 മുതൽ GST വന്നതിനാൽ 5% VAT ഒടുക്കേണ്ടതില്ല. ആയതിനാൽ VAT നിലവിലില്ലാത്ത സാഹചര്യത്തിലും കൺവീനർമാർ ജി.എസ്.റ്റി. ഒടുക്കു വരുത്താത്ത സാഹചര്യത്തിലും 5% തുക കുറവ് ചെയ്ത് ബില്ല് നൽകിയാൽ മതിയാവുന്നതാണെന്നും ഉത്തരവ് നം. ഡിബി 9058/17സി.ഇ/ത.സ്വ.ഭ.വ.തീയതി 16.03.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ അത്തരത്തിൽ 5% GST കുറവ് ചെയ്യാതെ ബിൽ തുക അനുവദിച്ച പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നം/പേര് | കൺവീനർ | അടങ്കൽ (ഫണ്ട്) | ചെലവ് | കുറവ് ചെയ്യേണ്ട GST (5%) |
|---|---|---|---|---|---|
| 1 | 241/19-20- പഞ്ചായത്ത് ഗസ്റ്റ് ഹൗസ് നവീകരണം (Mbook No.390/18-19) Bill No.55/19-20 Dated 18.01.20 | ഷൈജു.എസ് | 48000 (വികസന ഫണ്ട്) | 47807 | 2390 |
| 2 | 273/19-20-എൽ.പി.ബി.എസ് ചുറ്റമതിൽ ഉയരം കൂട്ടൽ. (Mbook No 89/18-19) Bill No.53/19-20 Dated 18.01.20 | ശ്രീമതി.റമീല | 197000 (ധനകാര്യ കമ്മീഷൻഅവാർഡ്) | 154000 | 7700/- |
| 3 | 205/19-20-മലയിൻകീഴ് എൽ.പി.ബി.എസ് മെയിന്റനൻസ് (Mbook No644/18-19) Bill No.3/19-20 Dated 23.05.19 | ശ്രീമതി.ജയാനാഥ് | 200000 (മെ.ഫണ്ട് നോൺ റോഡ്) | 199984 | 9999 |
| 4 | 240/19-20- മലയിൻകീഴ് ട്രഷറി റോഡ് സൈഡ് വാൾ മെയിന്റനൻസ് (Mbook No.1/-19-20) Bill No.16/19-20 Dated 25.06.19 | ശ്രീ.ബി.വിക്രമൻ | 50000/- (മെ.ഫണ്ട് റോഡ്) | 49086 | 2454 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 6 നുള്ള മറുപടിയിൽ കൺവീനർമാരിൽ നിന്നും തുക ഈടാക്കാമെന്ന് അറിയിച്ചിരിക്കുന്നു. പ്രസ്തുത തുക ഈടാക്കേണ്ടത് നിർഹണോദ്യോഗസ്ഥന്റെ ബാധ്യതയാണ്. അധികമായി നൽകിയ 22,543/-രൂപ ഈടാക്കി അടക്കണമെന്ന് നിർദ്ദേശിക്കുന്നു.

## 3-2 പൂർത്തീകരണ കാലാവധിയുടെ പിഴ ഈടാക്കിയിട്ടില്ല-7988/രൂപ കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസകാലയളവിന് ഒരു ശതമാന നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ചുവടെ ചേർക്കുന്ന പദ്ധതികളുടെ പൂർത്തീകരണ കാലാവധി പിഴ ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം | 201/19-20 |
| പ്രോജക്ടിന്റെ പേര് | മച്ചേൽ അംഗൻവാടി കെട്ടിട നിർമാണം |
| കരാറുകാരൻ | വിനോദ് കമാർ |
| അടങ്കൽ | 1000000/-(CFC 400000,BP 600000) |
| ചെലവ് | 798827/-(CFC 400000,BP 398827) |

| | |
|---|---|
| ബിൽ നം/തീയതി | 9/2019-20 Dated 26.06.2019<br>377886/-(CFC)<br>29/2019-20 Dated 16.10.2019<br>22114/-(CFC)<br>BP Share 398827- Ch.No ലഭ്യമാക്കിയിട്ടില്ല. |
| M Book No | 285/18-19 &753/18-19 |
| കരാർ തീയതി | 1.11.2018 |
| പൂർത്തീകരിക്കേണ്ട തീയതി | കാലാവധി രേഖപ്പെടുത്തിയിട്ടില്ല.<br>(മറുപടി പ്രകാരം 6 മാസം) |
| പൂർത്തീകരിച്ച തീയതി | 9.10.2019 (As Per Check Measure Date In M Book)<br>(5 മാസവും 9 ദിവസവും കഴിഞ്ഞ്.) |
| ഈടാക്കേണ്ട പിഴ | 7988/-രൂപ (1% Of PAC) |

മേൽ പദ്ധതിയുടെ കരാർ തീയതി 1.11.2018ലാണ്. എന്നാൽ പദ്ധതി പൂർത്തീകരിച്ചിരിക്കുന്നത് 9.10.2019ലാണ്. പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല. 11 മാസവും 9 ദിവസവും കൊണ്ടാണ് പദ്ധതി പൂർത്തീകരിച്ചിരിക്കുന്നത്. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തിനാൽ എന്ന് പൂർത്തീകരിക്കണമെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ യാതൊരു വിധ പിഴയും ഈ പ്രവൃത്തിയുടെ ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുമില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 11 നുള്ള മറുപടിയിൽ 6 മാസമാണ് പൂർത്തീകരണ കാലാവധി എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അതിനാൽ കാലസാമസത്തിനുള്ള പിഴയായ 7988/-രൂപ പ്രസതുത കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 പ്രോജക്റ്റ് നം.23/19-20 - മുട്ടക്കോഴി വളർത്തൽ (വനിത) – അധികമായി നൽകിയ 17,000/- രൂപ നിരാകരിക്കുന്നു

ഓരോ ഗുണഭോക്താവിനും 10 വീതം മുട്ടക്കോഴി കുഞ്ഞുങ്ങളെ 50% സബ്സിഡി നിരക്കിൽ നൽകുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതിയാണ് മുട്ടക്കോഴി വളർത്തൽ (വനിത). അടങ്കൽ തുക 4,00,000/- (2,00,000 – വികസന ഫണ്ട്, 2,00,000/- മറ്റുള്ളവ). ആകെ ചെലവ് 2,70,000/- രൂപ (1,35,000/- വികസന ഫണ്ട്, 1,35,000/- മറ്റുള്ളവ). നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ. പദ്ധതി പ്രകാരം ഒരാൾക്ക് വേണ്ടി ചെലവ് വരുന്ന 1000/-രൂപയിൽ 500/-രൂപ ഗുണഭോക്താവും 500/-രൂപ പഞ്ചായത്തും വഹിക്കുന്നതാണ്. എന്നാൽ രേഖകൾ പ്രകാരം ആകെ 295 ഗുണഭോക്താക്കൾ 600/-രൂപ ഗുണഭോക്തൃവിഹിതമായി നൽകി കോഴിക്കുഞ്ഞുങ്ങളെ കൈപ്പറ്റിയിരിക്കുന്നു. ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് ഗുണഭോക്തൃവിഹിതമായി 100/-രൂപ അധികം വാങ്ങിയതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. ആകെയുള്ള 1000/-രൂപയിൽ 600/-രൂപ ഗുണഭോക്താവ് തന്നെ വഹിച്ച സ്ഥിതിയ്ക്ക് പഞ്ചായത്ത് വിഹിതം 400 രൂപയാണ്. പദ്ധതി നടത്തിപ്പിനായി പഞ്ചായത്ത് വിഹിതമായി 1,35,000/-രൂപ ബിൽ നം.15/26.12.19 പ്രകാരം രതി എസ്., ചോതി എഗ്ഗർ നഴ്സറിയ്ക്ക് അനുവദിച്ചിരുന്നു. 295 ഗുണഭോക്താക്കൾക്ക് 400 രൂപ നിരക്കിൽ ആകെ ചെലവ് വരുന്നത് 1,18,000/- രൂപയാണ്. അതായത് 17,000/- രൂപ അധികമായാണ് നൽകിയിരിക്കുന്നത്. ആയത് തിരികെ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. പദ്ധതിയുടെ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 29 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തൻവർഷത്തെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം പ്രസ്തുത പദ്ധതിക്കായി പഞ്ചായത്ത് ചെലവാക്കിയിട്ടുള്ള 1,35,000/- രൂപയിൽ അധികമായി നൽകിയ 17,000/- രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | ലൈഫ് ഭവന നിർമ്മാണം | 1456000 | 1056000 | 400000 |
| | | അനുപൂരക പോഷകാഹാരം | 300000 | 300000 | 0 |
| | | സ്നേഹസ്പർശം | 584240 | 584240 | 0 |
| | | ക്ഷീര സമൃദ്ധി (വനിത) | 100000 | 100000 | 0 |
| | | ലൈഫ് ഭവന നിർമ്മാണം (മുൻവർഷത്തെ ബാക്കി) | -- | 3474 | 0 |
| | | തിരികെ അടവാക്കിയ തുക | -- | 373600 | 0 |

| | | | | | |
|---|---|---|---|---|---|
| | | ആകെ | 2440240 | 2417314 | |
| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | |
| 886003 | 2440240 | 3326243 | 2417314 | 908929 | |

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | ലഭിച്ച തുക | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | ലൈഫ് ഭവന നിർമ്മാണം (SC) | 288125 | 288125 | 0 |
| | | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 987336 | 987336 | 0 |
| | | സ്നേഹസ്പർശം | 584240 | 584240 | 0 |
| | | ക്ഷീര സമൃദ്ധി (ജനറൽ) | 62000 | 62000 | 0 |
| | | ഹരിത ഭവനം | 168000 | 168000 | 0 |
| | | കേദാരം | 8500 | 8500 | 0 |
| | | ആകെ | 2098211 | 2098211 | |
| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | |
| 372534 | 2098211 | 2470745 | 2098211 | 372534 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് 2019-20 സാമ്പത്തിക വർഷം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | പോസ്റ്റ് മാറ്റൽ (വിവിധ പ്രോജക്ടുകൾ) | 326401- | 18905- | - | 307496 |
| KSEB | ലൈൻ എക്സ്റ്റൻഷൻ (വിവിധ പ്രോജക്ടുകൾ) | 593480- | - | - | 593480- |
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (വിവിധ പ്രോജക്ടുകൾ) | 312600- | 1723545-* | - | 3180771- |
| PWD | | 1200100- | - | - | 1275641- |

* വിനിയോഗ സാക്ഷ്യപത്രം ലഭിച്ച തുക

## 4-3 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പയിനത്തിൽ 10414191/-*രൂപ KURDFC ലോണായി ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം തിരിച്ചടവിന്റെയും നീക്കിയിരിപ്പിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| വായ്പ വിവരം | ഉത്തരവ്/നമ്പർ/ തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| EMS | GO(Rt)275/2010/Lsgd/ 27.10.2010 | 17118000- | 487557- | 487557- | -- |
| KURDFC | GO (Ms) 68/2018/Lsgd/ | 21480000- *(ഉൾപ്പെട്ട | 11065809- | 1558824- | 19921176- |

| | | | | | |
|---|---|---|---|---|---|
| | 18.05.2018 | തുക) | | | |

## 4-4 സ്ഥിര നിക്ഷേപങ്ങൾ

-ഇല്ല-

## 4-5 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | അടവാക്കിയ തുക | രസീത് നം/ തീയതി |
|---|---|---|---|---|
| 2017-18 | 3-9 | ശ്രീമതി ദിശാ മണിയൻ,<br>അസി.എഞ്ചിനീയർ. | 3,351 | 1192601105049/<br>18.10.2019 |
| 2011-12 | 3.2.1 | ശ്രീമതി.ജയശ്രീ,<br>എച്ച്.എം, എൽ.പി.ബി.എസ്.<br>മലയിൻകീഴ് | 1,336 | 119260105272/<br>24.10.2019 |
| | | ആകെ | 4,687 | |

## 4-6 മൊബിലൈസേഷൻ അഡ്വാൻസ്

-ഇല്ല-

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

-ഇല്ല-

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

-ഇല്ല-

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,61,23,782 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,37,55,168 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 47,541 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,20,84,490 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 22,543 | ബി.എസ്.അനിൽകുമാർ<br>അസി.എഞ്ചിനീയർ |
| 3-2 | 7,998 | ബി.എസ്.അനിൽകുമാർ<br>അസി.എഞ്ചിനീയർ |
| 3-3 | 17,000 | ഡോ. സേതുമാധവൻ,<br>വെറ്ററിനറി സർജൻ. |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 10,825 | ശ്രീ. നന്ദകുമാർ.സി, സെക്രട്ടറി. |
| 1-16-3 | 2,20,73,665 | ശ്രീമതി ബിന്ദു.എസ്, വി.ഇ.ഒ. |
| ആകെ | 2,20,84,490 | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ബി.എസ്.അനിൽകുമാർ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, മലയിൻകീഴ് ഗ്രാമ പഞ്ചായത്ത്. | സുമംഗല മന്ദിരം, മംഗലയ്ക്കൽ,ആമച്ചൽ.പി.ഒ |
| 2 | ഡോ. സേതുമാധവൻ, വെറ്ററിനറി സർജൻ. | വെറ്ററിനറി സർജൻ | റ്റി.ഡി.41/325(2), KRWA 1B, കുരടാത്തി, മണക്കാട്.പി.ഒ. |
| 3 | ശ്രീ. നന്ദകുമാർ.സി, സെക്രട്ടറി. | സെക്രട്ടറി, മലയിൻകീഴ് ഗ്രാമ പഞ്ചായത്ത്. | ചന്ദ്രകമലം, മണപ്പുറം, മലയിൻകീഴ്.പി.ഒ. |
| 4 | ശ്രീമതി ബിന്ദു.എസ്, വി.ഇ.ഒ. | വി.ഇ.ഒ., മലയിൻകീഴ് ഗ്രാമ പഞ്ചായത്ത്. | ശ്രീരാഗം, വെള്ളാപ്പള്ളി, തിരുവാമൂട്.പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ ജി.പി.4/1130/, തീയതി, 25.05.2018 | 1 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ ജി.പി.4/1130/, തീയതി, 25.05.2018 | 1 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി, 25.05.2018 | 3 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി,25.05.2018 | 4 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി,25.05.2018 | 2 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി,25.05.2018 | 5 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി,25.05.2018 | 1 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി,25.05.2018 | 8 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി,25.05.2018 | 4 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 1130/, തീയതി,25.05.2018 | 5 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 2003/16തീയതി.21.11.16 | 8 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ ജി.പി.4/1639/2017 തീയതി 16.08.2017 | 16 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ | 28 |

| | | |
|---|---|---|
| | ജി.പി.4/2349/2019 തീയതി 15.03.2019 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ ജി.പി.4/2170/2019 തീയതി 13.03.2020 | |

ഡെപ്യൂട്ടി ഡയറക്ടർ

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്